പേപ്പാറ വന്യമൃഗ സംരക്ഷണ കേന്ദ്രത്തിലെ മൃഗങ്ങൾ

1346. [2019] ശ്രീ. കെ.വി. സുരേന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പേപ്പാറ വന്യമൃഗ സംരക്ഷണ കേന്ദ്രത്തിൽ എത്ര മൃഗങ്ങളെ ഉൾഘാടനത്തോടനുബന്ധിച്ച് തുറന്നുവിട്ടിട്ടുണ്ട് ;

(ബി) ഇവയിൽ എത്രയെണ്ണം ഇപ്പോൾ അവശേഷിക്കുന്നു ;

(സി) ഇതിലേക്കായി ഇതുവരെ എത്ര രൂപ ചെലവായിട്ടുണ്ട് ;

(ഡി) പേപ്പാറ വന്യമൃഗസംരക്ഷണ കേന്ദ്രത്തിന്റെ പരിധിയിൽ ഉൾപ്പെട്ട വനത്തിൽ എത്ര ആദിവാസി കുടുംബങ്ങൾ വസിക്കുന്നുണ്ട് ; അവരുടെ മൊത്തം എണ്ണം എത്രയാണ് ;

(ഇ) അടുത്തകാലത്ത് പേപ്പാറ സംരക്ഷണകേന്ദ്രത്തിൽ ആദിവാസികളുടെമേൽ ഏതെങ്കിലും ഫോറസ്റ്റ് ഉദ്യോഗസ്ഥൻമാർ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 3 മ്ലാവുകളെ തുറന്നു വിട്ടിട്ടുണ്ട്.

(ബി) അവ മൂന്നും ഇപ്പോഴും ഉണ്ട്.

(സി) 500 രൂപ ചെലവായിട്ടുണ്ട്. പ്രസ്തുത തുക മ്ലാവുകളുടെ ട്രാൻസ്പോർട്ടിംഗിനു വേണ്ടിയാണ് ചെലവാക്കിയത്.

(ഡി) 106 ആദിവാസി കുടുംബങ്ങൾ വസിക്കുന്നുണ്ട്. അവരുടെ മൊത്തം അംഗസംഖ്യ 481 ആണ്.

(ഇ) പേപ്പാറ വന്യമൃഗ സംരക്ഷണകേന്ദ്രത്തിലെ ആദിവാസികളുടെ പേരിൽ ഫോറസ്റ്റ് ഉദ്യോഗസ്ഥൻമാർ കേസ് സെടുത്തതായി റിപ്പോർട്ടില്ല.

പേപ്പാറ വന്യമൃഗ സംരക്ഷണകേന്ദ്രത്തിന് ചെലവായ തുക

1347. [2020] ശ്രീ. കെ.വി. സുരേന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) പേപ്പാറ വന്യമൃഗ സംരക്ഷണകേന്ദ്രം ആരംഭിച്ചതിനുശേഷം ഇതുവരെ എത്ര രൂപ ചെലവായി ;

(ബി) ഓരോ വർഷത്തേയും ഇനം തിരിച്ചുള്ള കണക്കു വെളിപ്പെടുത്താമോ ;

(സി) പേപ്പാറ വന്യമൃഗ കേന്ദ്രത്തിൽ സ്ഥിരമായി എത്ര ആദിവാസികൾ ജോലിചെയ്യുന്നുണ്ട് ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള സാങ്കേതിക ബുദ്ധിമുട്ടുകൾ വിശദീകരിക്കുമോ ;

(ഇ) പേപ്പാറ വന്യമൃഗ സംരക്ഷണ കേന്ദ്രത്തിന്റെ പരിധിയിൽ എത്ര ഹെക്ടർ വനം അവശേഷിക്കുന്നുണ്ട് ;

(എഫ്) ഇവയിൽ പുൽമേടുകളുടേയും പ്ലാന്റേഷനുകളുടേയും വിസ്തീർണ്ണം പ്രത്യേകം വെളിപ്പെടുത്താമോ ;

(ജി) ഇതിൽ എത്ര ഏരിയ ഇപ്പോൾ തരിശായി കിടപ്പുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 18,95,681.29 രൂപ ചെലവായിട്ടുണ്ട്.

(ബി) വർഷംതോറും ഇനംതിരിച്ചു് ഉണ്ടായിട്ടുള്ള ചെലവ് താഴെ കൊടുക്കുന്നു.

ഇനം	1985-86 രൂപ	1986-87 രൂപ
1. അതിർത്തിനിർണ്ണയം, ജണ്ടകെട്ടൽ സ്ഥാപിക്കൽ	53,986.36	85,130.55
2. വന്യജീവിജാലങ്ങളുടെ സെൻസസ് പ്രവർത്തനങ്ങൾ	98,112.98	..
3. വന്യജീവി വാസസ്ഥലം മെച്ചപ്പെടുത്തൽ, അഗ്നി പ്രതിരോധം തുടങ്ങിയവ	2,61,730.08	99,067.33
4. നടപ്പാതകളും, നിലവിലുള്ള റോഡുകളും സംരക്ഷിക്കുന്നതിനും	1,57,182.40	..
5. മറ്റു ചെലവുകൾ	52,555.59	2,400.00
6. കെട്ടിടങ്ങൾ	10,85,516.00	..
ആകെ	17,09,083.41	1,96,597.85

(സി) ആദിവാസികളാരും സ്ഥിരമായി ജോലി ചെയ്യുന്നില്ല.

(ഡി) സംരക്ഷണ കേന്ദ്രത്തിലെ ജോലികൾ ചില പ്രത്യേക കാല ഘട്ടങ്ങളിൽ മാത്രമാണ് നടത്തുന്നത്. ആയതിനാൽ സ്ഥിരമായി ജോലി നൽകുവാൻ ബുദ്ധിമുട്ടാണ്.

(ഇ) 5300 ഹെക്ടർ.

(എഫ്) പ്ലാന്റേഷനുകൾ വന്യജീവിസംരക്ഷണ കേന്ദ്രത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. പുൽമേടുകളുടെ മാത്രമായുള്ള വിസ്തീർണ്ണം തിട്ടപ്പെടുത്തിയിട്ടില്ല.

(ജി) ഒട്ടുംതന്നെ തരിശായി കിടപ്പില്ല.

പേപ്പാറ വന്യമൃഗ സംരക്ഷണകേന്ദ്രത്തിന്റെ വികസനത്തിന് കേന്ദ്രസർക്കാരിൽനിന്നും ലഭിച്ച തുക

1348. [2021] ശ്രീ. കെ. വി. സുരേന്ദ്രനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) പേപ്പാറ വന്യമൃഗ സംരക്ഷണ കേന്ദ്രത്തിന്റെ വികസനത്തിനായി കേന്ദ്രസർക്കാരിൽനിന്നും ഇതുവരെ എത്ര രൂപ ലഭിച്ചിട്ടുണ്ട് ;

(ബി) അത് ഏതെല്ലാം ആവശ്യത്തിലേക്കാണ് ചെലവാക്കിയത് ;

(സി) അതിന്റെ കണക്കും വിശദവിവരവും വെളിപ്പെടുത്തുമോ ;

(ഡി) ഇതിൽ എത്ര രൂപ ലാപ്സായിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly